Uncorrected/Not for publication

**പ്രത്യേക പരാമർശം**

**ജാഗ്രതാ നിർദ്ദേശം**

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, സബ്മിഷന് മുൻപായി ഒരു കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. കന്യാകുമാരിക്ക് തെക്കും, ശ്രീലങ്കയ്ക്ക് പടിഞ്ഞാറുമായി ന്യൂനമർദ്ദം രൂപപ്പെട്ടിരിക്കുന്നത് ശക്തമായിട്ടുണ്ട് എന്ന വാർത്ത ഇന്ന് എല്ലാ വാർത്താ മാധ്യമങ്ങളിലും വന്നിട്ടുണ്ട്. ഇത് വടക്കുപടിഞ്ഞാറൻ ദിശയിൽ സഞ്ചരിക്കുമെന്ന ഒരു പുതിയ നിഗമനവും ഇപ്പോഴുണ്ട്. അങ്ങനെ വന്നാൽ കേരളത്തിനും ലക്ഷദ്വീപിനും ഇടയിൽ ന്യൂനമർദ്ദം കടന്നുപോകുമെന്നും അതോടൊപ്പം മത്സ്യബന്ധനം നടത്തുന്ന തൊഴിലാളികൾക്ക് ഇത് പ്രശ്നമായി മാറുമെന്നുമുള്ള റിപ്പോർട്ടുകൾ വന്നിട്ടുണ്ട്. 'കാലാവസ്ഥാ വകുപ്പ് പിന്നെയും ഉറങ്ങി' എന്നുള്ള വാർത്തയാണ് മനോരമ പത്രമടക്കം ഇവിടെ പ്രസിദ്ധീകരിച്ചിട്ടുള്ളത്. ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ഈയൊരു സാഹചര്യം കണക്കിലെടുത്തുകൊണ്ട് ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഈ സഭയ്ക്കും സഭയിലൂടെ ജനങ്ങൾക്കും അറിയാനുള്ള അവകാശമുണ്ട്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അക്കാര്യം വിശദീകരിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

മി. ചെയർമാൻ: സബ്മിഷൻ കഴിഞ്ഞശേഷമുള്ള ബിസിനസ്സിൽ ഉൾപ്പെടുത്തിയാൽപ്പോരെ?

ശ്രീ. രമേശ് ചെന്നിത്തല: ഞാൻ നേരത്തേ സ്പീക്കർക്ക് എഴുതിക്കൊടുത്തതാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, വളരെ ഗൗരവുമുള്ള ഒരു കാര്യമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ചിരിക്കുന്നത്. 10.03.2018-ന് രാത്രി 9.23-ന് കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ കാലാവസ്ഥ സംബന്ധിച്ച മുന്നറിയിപ്പ് ലഭിച്ചയുടൻ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി സംസ്ഥാനത്തെ വിവിധ വകുപ്പുകൾക്കും എല്ലാ ഉന്നത ഉദ്യോഗസ്ഥന്മാർക്കും വിവരങ്ങൾ കൈമാറുകയുണ്ടായി. കേരളത്തിലെ മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിന് പോകുന്ന കന്യാകുമാരി, ശ്രീലങ്ക, ലക്ഷദ്വീപ്, തിരുവനന്തപുരം എന്നിവ ഉൾപ്പെടുന്ന തീരപ്രദേശങ്ങളിൽ ഈ ന്യൂനമർദ്ദം ശക്തിപ്പെടുമെന്നാണ് കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിന്റെ പ്രവചനത്തിൽ നിന്നും വ്യക്തമാകുന്നത്. മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിന് പോകരുതെന്ന ജാഗ്രതാനിർദ്ദേശം നൽകിയിട്ടുണ്ട്. തീരദേശത്ത് ഉച്ചഭാഷിണിയിലൂടെ അനൗൺസ് ചെയ്തും ഫോണിലൂടെ മത്സ്യത്തൊഴിലാളികൾക്ക് സന്ദേശം നൽകിയുമാണ് ഈ ജാഗ്രതാനിർദ്ദേശം

നൽകിയത്. കന്യാകുമാരിക്ക് തെക്ക് രൂപപ്പെട്ട വരുന്ന ന്യൂനമർദ്ദം ശക്തി പ്രാപിക്കുമെന്ന മുന്നറിയിപ്പിന്റെ പശ്ചാത്തലത്തിലായിരുന്നു ഈ നടപടികൾ. തിരുവനന്തപുരത്ത് കളക്ടറേറ്റിൽ കൺട്രോൾ റൂം പ്രവർത്തനമാരംഭിച്ചു. മത്സ്യത്തൊഴിലാളി മേഖലയിൽ സന്ദേശമെത്തിക്കാൻ മത്സ്യത്തൊഴിലാളി വകുപ്പും കോസ്റ്റൽ പോലീസും റവന്യൂ വകുപ്പും ഉണർന്നു പ്രവർത്തിക്കുന്നുണ്ട്. മത്സ്യത്തൊഴിലാളി മേഖലയിലെ വിവിധ സംഘടനകളുടെ സേവനം കൂടി ഇതിന് ലഭിച്ചുവെന്നത് പ്രത്യേകം എടുത്തുപറയേണ്ടതാണ്. കന്യാകുമാരിക്ക് തെക്ക് രൂപപ്പെട്ട ന്യൂനമർദ്ദം ശക്തമാകുമെന്നാണ് കാലാവസ്ഥ നിരീക്ഷണ കേന്ദ്രം 11.03.2018-ൽ മുന്നറിയിപ്പ് നൽകിയത്. ശ്രീലങ്കയ്ക്ക് പടിഞ്ഞാറും ലക്ഷദ്വീപിന് കിഴക്കും കന്യാകുമാരിക്കും തിരുവനന്തപുരത്തിനും പടിഞ്ഞാറുമുള്ള തെക്കൻ ഇന്ത്യൻ കടലിൽ മത്സ്യബന്ധനം പാടില്ലെന്നാണ് കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം അറിയിച്ചത്. തെക്കൻ കേരളത്തിൽ ശക്തമായ കാറ്റിനും മഴയ്ക്കും സാദ്ധ്യതയുള്ളതിനാൽ ഈ മാസം 14 വരെ ജാഗ്രത പാലിക്കണമെന്നും നിർദ്ദേശമുണ്ട്. ഇതനുസരിച്ചുള്ള ജാഗ്രതാ നിർദ്ദേശമാണ് നൽകിയത്. 11.03.2018-ന് ഉച്ചയ്ക്ക് ശേഷം 2.30-ന് ഇതുസംബന്ധിച്ച റിവ്യൂ നടത്തിയപ്പോൾ പൊതുവിൽ മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിന് പോയിട്ടില്ലെന്നാണ് റിപ്പോർട്ട്.

ബഹുമാന്യനായ പ്രതിപക്ഷനേതാവ് ഒരു പത്രവാർത്തയെക്കുറിച്ച് പറഞ്ഞത് കേരളത്തിലെ കാലാവസ്ഥാ വകുപ്പിനെക്കുറിച്ചല്ല.